# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 11

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ, വോക്കൽ റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1296/2020)

2020 മാർച്ചിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.പി.ഇ.എസ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1297/2020)

## ജൈവകൃഷി പരിപോഷിപ്പിക്കാൻ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ; ധാരണപത്രമായി

ജൈവകൃഷിക്ക് ആവശ്യമായ ജൈവ വളങ്ങളും ജൈവ കീടനാശിനികളും വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പങ്കാളിത്തത്തിന് മഹാത്മാഗാന്ധി സർവകലാശാലയും സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡും തമ്മിൽ ധാരണപത്രം ഒപ്പിട്ടു. സ്കൂൾ ഓഫ് ബയോസയൻസസിന്റെ ഗവേഷണ സൗകര്യങ്ങളും ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാനസൗകര്യങ്ങളും ഉപയോഗപ്പെടുത്തി ജൈവകൃഷിക്ക് അനുയോജ്യമായ പരിസ്ഥിതിസൗഹൃദ ഉല്പന്നങ്ങൾ വികസിപ്പിക്കുകയാണ് ലക്ഷ്യം. വ്യാവസായിക പങ്കാളിത്ത പദ്ധതിയിലൂടെ ഇതിനാവശ്യമായ സാമ്പത്തിക സഹായം സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് നൽകും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ എൻ.ആർ. ജയ്മോനും ധാരണപത്രം പരസ്പരം കൈമാറി. രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ, സ്കൂൾ ഓഫ് ബയോസയൻസസ് മേധാവി ഡോ. കെ. ജയചന്ദ്രൻ, പ്രൊഫ. ജെ. ജി. റേ, ഡോ. ഇ.കെ. രാധാകൃഷ്ണൻ, കെ.വി. ദയാൽ എന്നിവർ പങ്കെടുത്തു.

## ഫോട്ടോക്യാപ്ഷൻ

**ജൈവകൃഷിക്ക് ആവശ്യമായ ജൈവ വളങ്ങളും ജൈവ കീടനാശിനികളും വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പങ്കാളിത്തത്തിന് മഹാത്മാഗാന്ധി സർവകലാശാലയും സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡും തമ്മിലുണ്ടാക്കിയ ധാരണപത്രം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ എൻ.ആർ. ജയ്മോന് കൈമാറുന്നു**

(പി.ആർ.ഒ/39/1298/2020)

# പുനരുപയോഗിക്കാവുന്ന വസ്തുക്കളും ഉപയോഗവും; രാജ്യാന്തര ഓൺലൈൻ സമ്മേളനത്തിന് തുടക്കം

പുനരുപയോഗിക്കാവുന്നതും പുനഃചംക്രമണം നടത്താവുന്നതുമായ വസ്തുക്കളേയും അവയുടെ ഉല്പന്നങ്ങളെയും വിവിധ ഉപയോഗങ്ങളേയും പുതിയ കണ്ടുപിടുത്തങ്ങളെയും പരിചയപ്പെടുത്തുന്ന അഞ്ചാമത് ത്രിദിന രാജ്യാന്തര ഓൺലൈൻ സമ്മേളനത്തിന് മഹാത്മാഗാന്ധി സർവകലാശാലയിൽ തുടക്കമായി. മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെയും പോളണ്ടിലെ വ്‌റോക്‌ലോ സാങ്കേതിക സർവകലാശാലയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വ്‌റോക്‌ലോ സർവകലാശാലയിലെ പ്രൊഫ. മാചേസേ സെറോസ്‌കി ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. മലേഷ്യയിലെ മരാ സർവകലാശാലയിലെ ഡോ. നോർ ഹസവാനി സെയ്ൻ മുഖ്യാതിഥിയായിരുന്നു.

ഡോ. ഹന്ന ജെ. മരിയ, സെയ്കോ ജോസ് എന്നിവർ സംസാരിച്ചു. വിയറ്റ്നാം ആർ.എം.ഐ.ടി. സർവകലാശാലയിലെ രാജ് കിഷോർ നായ്ക്ക്, മലേഷ്യയിലെ പുട്ര സർവകലാശാലയിലെ നൂറിസ അബ്ദുൾ റഹ്മാൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ബ്രിട്ടണിലെ ലീഡ്സ് സർവകലാശാലയിലെ പ്രൊഫ. ജോസഫ് ആന്റണി, ആരതിമാൻ, ജി.എൽ. ദേവ്നാനി, കിഷോർ സർക്കാർ, എസ്. നിവേദിത, അതുൻ റോയ് ചൗധരി, വലേറിയ പെറ്റാറിൻ (അർജന്റീന), അന്ന ജാമ റോഡ്സെംഗ (പോളണ്ട്), വെറ മ്യാസോയിഡോവ (റഷ്യ), ക്രെയ്ഗ് വൈറ്റ് (ബ്രിട്ടൺ), ജി.എൻ. ഫുർസെ (റഷ്യ), ജെ.എം. കാസ്റ്റിലോ ഗാർഷ്യ (സ്പെയിൻ), പി. സുഭാഷ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ വിഷയങ്ങളിലുള്ള പോസ്റ്റർ പ്രദർശനവും ഇതോടനുബന്ധിച്ച് നടക്കും. രാജ്യാന്തര സമ്മേളനം ഡിസംബർ 13ന് സമാപിക്കും.

(പി.ആർ.ഒ/39/1299/2020)

## MG University organized Fifth International Online Conference on Reuse and Recycling of Materials from 11th -13th December 2020

School of Energy Materials(SEM), Mahatma Gandhi University, Kottayam, Kerala, India and Wroclaw University of Technology, Poland is jointly organizing the Fifth International Online Conference on Reuse and Recycling of Materials (Polymers, Wood, Paper, Leather, Glass, Metals, Ceramics, Semi Conductors, Water etc) and their products (ICRM – 2020)from 11th - 13th December 2020. Prof Sabu Thomas, Honorable Vice chancellor of MG Universityis the chairman of the conference and gave introductory remarks to all the delegates. Prof Maciej Jaroszewski from Wroclaw University of Technology, Poland inaugurated themeeting and addressed the delegates and students on the fey issues related to recycling of electronic waste. Dr. NorHazawani Md. Zain from University of Mara, Malaysia was the guest of honor for the conference. Prof Joseph Antony from University of Leeds, UK presented a new technique for sensing and detecting the cracks in concrete filed with recycled plastic materials. This conference will be one of the big International meetings exclusively dedicated to reuse and recycling of materials and their products. The conference will be extremely useful in the sense that it will be attended by hundreds of chemists, physicists, technologists and engineers, making it a truly interdisciplinary conference. The goal of the conference is to emphasize interdisciplinary research on processing, morphology, structure, properties and applications of reuse and recycling

of materials and their products and their applications in automotive, civil, chemical, aerospace, computer and marine engineering. The talks were given by a panel of highly-accomplished experts in the field of reuse and recycling of materials and their products. There are poster session for young students to share their recent findings in the area of recycling of plastics and e-waste. During the conference there will be a brain storming discussion meeting in order to submit joint project proposals to European Union under the “HORIZON 2020” programme for funding between India, Europe and Rest of the world. Those who are interested to participate the conference can see the web page: recycling.macromol.in and contact by E mail ID: recycle@macromol.in.

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ